


# കണക്ട് ടു വർക്ക്– പുതിയ പ്രോജക്ട് വരുന്നു

റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയിലൂടെ 250 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കാനുള്ള ഭരണാനുമതി ലഭ്യമായതിനെക്കുറിച്ച് Making an Impact 116 ൽ വിശദമാക്കിയിരുന്നുവല്ലോ. ഇതിന്റെ ഭാഗമായി കണക്ട് ടു വർക്ക് എന്ന പുതിയൊരു ആശയം അവതരിപ്പിച്ച് ഞങ്ങൾ അംഗീകാരം നേടിയിരുന്നു. ഈ പദ്ധതി ഇപ്പോൾ നടപ്പാക്കൽ ഘട്ടത്തിലെത്തിയിരിക്കുകയാണ്.

നമ്മുടെ സമൂഹത്തിൽ അഭ്യസ്ത വിദ്യരായ ധാരാളം പേരുണ്ടെങ്കിലും ജോലി കണ്ടെത്താനായി അഥവാ ജോലിയിലേക്ക് കണക്ട് ചെയ്യാനായി നിരവധി ബുദ്ധിമുട്ടുകൾ ഇവർ നേരിടാറുണ്ട്. സോഫ്ട് സ്കിൽസ് ഇല്ലാത്തതും ഇന്റർവ്യൂകൾ നേരിടാൻ വേണ്ടത്ര അറിവ് ഇല്ലാത്തതും ഓൺലൈൻ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിലൂടെയും മറ്റും തൊഴിലവസരങ്ങൾ അറിഞ്ഞ് ഈ അവസരങ്ങളെ ജോലിയാക്കി മാറ്റാൻ കഴിവില്ലാത്തതുമെല്ലാം ഇവർക്ക് വെല്ലുവിളിയാകുകയും ആഗ്രഹിക്കുന്ന ജോലി ആഗ്രഹിക്കുന്ന സമയത്ത് ലഭിക്കാതെ വരാൻ ഇടയാകുകയും ചെയ്യുന്നു. സമൂഹത്തിൽ ഇത്തരത്തിലൊരു അവസ്ഥ നേരിടുന്ന പലരുമുണ്ടെന്നതും അവർക്ക് സഹായം ആവശ്യമുണ്ടെന്നും കണ്ടറിഞ്ഞതോടെയാണ് ജോലി ലഭിക്കാൻ വേണ്ടി ഒരു ഫിനിഷിങ് സ്കൂൾ എന്ന നിലയിൽ 'കണക്ട് ടു വർക്ക്' എന്ന ആശയം നടപ്പിലാക്കാൻ കുടുംബശ്രീ തീരുമാനിച്ചത്.

ആദ്യഘട്ടത്തിൽ കേരളത്തിലെ 152 ബ്ലോക്കുകളിൽ നിന്നും ഓരോ പഞ്ചായത്തുകൾ വീതം തെരഞ്ഞെടുക്കുകയും ഓരോ പഞ്ചായത്തിലും 33 പേർക്ക് പരിശീലനം നൽകി അവരെ

ജോലി ലഭിക്കാൻ പ്രാപ്തരാക്കുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരം 5000ത്തോളം പേരെ ജോലിയിലേക്കെത്തിക്കാൻ ലക്ഷ്യമിടുന്നു. ഈ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 120 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സാണ് നൽകുക. പേഴ്സണൽ സ്കിൽസ്, സോഷ്യൽ സ്കിൽസ്, ഓർഗനൈസേഷണൽ സ്കിൽസ്, പ്രൊഫഷണൽ സ്കിൽസ്, പ്രെസന്റേഷൻ സ്കിൽസ്, എന്റർപ്രണർഷിപ്പ് സ്കിൽസ് തുടങ്ങിയവ പഠിപ്പിക്കും. ഈ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ജോലി ലഭിക്കാനുള്ള സാധ്യത ഏറെ വർദ്ധിക്കുമെന്നാണ് ഞങ്ങൾ കരുതുന്നത്. ആദ്യഘട്ടത്തിന്റെ വിജയം അനുസരിച്ച് പിന്നീടുള്ള ഘട്ടങ്ങൾ ആരംഭിക്കുന്നതാണ്.

ഇപ്രകാരം 152 സി ഡി എസ് കളെ തെരഞ്ഞെടുക്കുന്ന നടപടികൾ പൂർത്തിയായി കഴിഞ്ഞു. കണക്ട് ടു വർക്ക് പദ്ധതി നടപ്പാക്കാൻ ഈ സി ഡി എസ് കളോട് പഞ്ചായത്തിന്റെ സ്വന്തം സൗകര്യങ്ങൾ ഉപയോഗിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. കമ്പ്യൂട്ടർ, പ്രോജക്ടർ, ബോർഡ്, മേശ, കസേര, പഠിതാക്കൾക്കുള്ള യാത്രബത്ത, പരിശീലന കേന്ദ്രം ഏകോപിപ്പിക്കാനായി തെരഞ്ഞെടുത്ത റിസോഴ്സ് പേഴ്സണുള്ള ഓണറേറിയം തുടങ്ങിയവയ്ക്കായി 2,10,000 രൂപ വീതം എല്ലാ സി ഡി സ് കൾക്കും നൽകിക്കഴിഞ്ഞു. പഞ്ചായത്തുകളിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന നടപടികൾ ഇപ്പോൾ പുരോഗമിക്കുകയാണ്. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഓരോ സിഡിസ്‌ലും ഓരോ റിസോഴ്സ് പേഴ്സണെ വീതവും നിയോഗിച്ചു കഴിഞ്ഞു. ആദ്യഘട്ട പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്ന പ്രവർത്തനവും ആരംഭിച്ചു. ഓഗസ്റ്റ് 15നകം പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കും. കോവിഡ്– 19 പ്രതിസന്ധി അവസാനിച്ച ശേഷം സർക്കാർ നിർദ്ദേശം ലഭിക്കുന്നത് അനുസരിച്ച് പരിശീലനം നൽകി തുടങ്ങും. പരിശീലനം നൽകാൻ അസാപുമായി (അഡീഷണൽ സ്കിൽസ് അക്വിസിഷൻ പ്രോഗ്രാം) കരാറിലെത്തിക്കഴിഞ്ഞു. അസാപ് പരിശീലകരാകും 152 കേന്ദ്രങ്ങളിലും ക്ലാസ്സുകൾ നയിക്കുക. പരിശീലന മൊഡ്യൂൾ തയാറാക്കിക്കൊണ്ടിരിക്കുകയാണ്. അതാത് പ്രദേശത്തെ സിഡിഎസിന്റെ കീഴിലാകും പരിശീലന കേന്ദ്രം പ്രവർത്തിക്കുക.

ഓരോ വ്യക്തിയുടെയും പോരായ്മകൾ മനസ്സിലാക്കി, അത് പരിഹരിച്ച് ഏറ്റവും ഉയർന്ന നിലവാരമുള്ള പരിശീലനം നൽകുന്ന ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കൽ ഘട്ടത്തിലെത്തിക്കഴിഞ്ഞിരിക്കുകയാണ്. സമൂഹത്തിൽ വലിയൊരു മാറ്റമുണ്ടാക്കാനും സ്വയം മെച്ചപ്പെടുത്തി ഉപജീവനം കണ്ടെത്താനും ഈ പദ്ധതി ഏറെപ്പേരെ തുണയ്ക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

(ഐടിഐ, പോളിടെക്നിക് ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം എന്നീ യോഗ്യതയുള്ളവർക്ക് ഈ പരിശീലന പദ്ധതിയിൽ പങ്കെടുക്കാനാകും. പരിശീലനാർത്ഥികളുടെ കുടുംബത്തിൽ ആരെങ്കിലും കുടുംബശ്രീ അംഗമായിരിക്കണം അല്ലെങ്കിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബമായിരിക്കണം. പരമാവധി പ്രായം 35. താത്പര്യമുള്ളവർ തൊട്ടടുത്ത സിഡിഎസിൽ ബന്ധപ്പെടണം)